**ബഹു. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 13-01-2025 ന് 12.30 മണിക്ക് കളക്ടറുടെ ചേമ്പറിൽ വെച്ച് ചേർന്ന ജില്ലാതല എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റിയുടെ യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും**

**ഹാജർ**

1. ശ്രീമതി. മേഘശ്രീ ഡി.ആർ IAS, ജില്ലാ കളക്ടർ, വയനാട് - (ഒപ്പ്)
2. ശ്രീ. രാകേഷ് കുമാർ, മാനേജർ (ഇ.ഐ) DIC, വയനാട് - (ഒപ്പ്)
3. ഡോ. ജോർജ് ഡാനിയേൽ, ഡെപ്യൂട്ടി ഡയറക്ടർ (റിസേർച്ച്) കോഫി ബോർഡ് RCRS - (ഒപ്പ്)
4. ശ്രീമതി. ശ്രീലത. FTDO, DGFT - (ഒപ്പ്)
5. ശ്രീ. മുരളീധരൻ ടി എം, ലീഡ് ബാങ്ക് മാനേജർ - (ഒപ്പ്)
6. ശ്രീമതി. അശ്വതി എ.എൻ, ടെക്നിക്കൽ അസിസ്റ്റന്റ് പ്രിൻസിപ്പൽ കൃഷി ഓഫീസർ - (ഒപ്പ്)
7. ഫാ. വർഗ്ഗീസ് മറ്റമന, പെർഫെക്റ്റോ നാച്ചുറൽസ് - (ഒപ്പ്)
8. ശ്രീ. രാജീവ് എം.സി, അസിസ്റ്റന്റ് ഡയറക്ടർ, FIEO - (ഒപ്പ്)
9. കുമാരി. അഖില സി ഉദയൻ KAS, DIC, വയനാട് - (ഒപ്പ്)
10. ശ്രീ. അതുൽ ആർ, ഉപ ജില്ലാ വ്യവസായ ഓഫീസർ(എച്ച് ക്യൂ - (ഒപ്പ്)

യോഗം 12.40 മണിക്ക് ആരംഭിച്ചു.

ജില്ലാ വ്യവസായ കേന്ദ്രം മാനേജർ (ഇ.ഐ) എല്ലാവരേയും യോഗത്തിലേക്ക് സ്വാഗതം ചെയ്യുകയും യോഗത്തിന്റെ അജണ്ട അവതരിപ്പിക്കുകയും ചെയ്തു.

അജണ്ടയുടെ അടിസ്ഥാനത്തിൽ ബഹു. ജില്ലാ കളക്ടർ ജില്ലയിലെ ഉത്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുവാനായി ജില്ലാതല എക്സ്പോർട്ട് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള വിവരങ്ങളും അഭിപ്രായങ്ങളും ആവശ്യമാണെന്ന് അറിയിച്ചു. കേരള കോഫി ലിമിറ്റഡ് കമ്പനി പ്രതിനിധികളേയും കമ്മിറ്റിയിൽ ഉൾപ്പെടുത്തണമെന്ന് ബഹു. ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

ഫാദർ വർഗ്ഗീസ് മറ്റമന കർഷകർ നേരിടുന്ന നിലവിലെ പ്രശ്നങ്ങളെപ്പറ്റി സംസാരിച്ചു. അറുപതിനായിരത്തോളം കാപ്പി കർഷകരുള്ള ജില്ലയിൽ ഏകദേശം 2800 പേർ മാത്രമാണ് ഓർഗാനിക് സർട്ടിഫൈഡ് ആയിട്ടുള്ളത് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കാപ്പി കയറ്റുമതി മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളും അദ്ദേഹം യോഗത്തിൽ വിവരിച്ചു.

- ജില്ലയിൽ 4C ഓർഗാനിക്ക് സർട്ടിഫിക്കേഷൻ, മറ്റു സർട്ടിഫിക്കേഷൻ എന്നിവ ചെയ്യുന്ന യോഗ്യതയുള്ള ഏജൻസികളുടെ അഭാവം.
- അന്താരാഷ്ട്ര കാരണങ്ങളാൽ കയറ്റുമതി ചെയ്യുന്ന ഉത്പന്നങ്ങളുടെ തുക ലഭ്യമാകുന്നതിനെടുക്കുന്ന കാലതാമസം.

മേൽ വിഷയങ്ങളിൽ കേന്ദ്ര/കേരള സർക്കാരിന്റെ ഇടപെടൽ അനിവാര്യമാണെന്ന് അദ്ദേഹം യോഗത്തെ അറിയിച്ചു.

യോഗത്തിൽ ഹാജരായ കോഫി ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ജില്ലയിലെ 90 ശതമാനം കർഷകരും ഒരു ഏക്കർ മുതൽ 5 ഏക്കർ വരെയുള്ള ചെറുകിട ഭൂമിയിൽ കൃഷി ചെയ്യുന്നവരായതിനാൽ കയറ്റുമതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ ഭാഗമാകുവാൻ താൽപര്യമില്ലായെന്നും ഇത്തരത്തിലുള്ള ചെറുകിട കർഷകരെ ഉൾപ്പെടുത്തി FPO രൂപീകരിക്കുന്നത് അന്താരാഷ്ട്ര സർട്ടിഫിക്കേഷൻ RCMC സർട്ടിഫിക്കേഷൻ നടപടികൾ എളുപ്പത്തിലാക്കുമെന്നും യോഗത്തെ അറിയിച്ചു. ഓർഗാനിക് കർഷകർ സ്വീകരിക്കുന്ന പ്രത്യേക കാർഷിക പ്രക്രിയകൾക്ക് അനുസൃതമായ വില ഉത്പന്നങ്ങൾക്ക് ലഭിക്കാത്തതും ഈ മേഖലയിലെ ഒരു പ്രശ്നമായി അദ്ദേഹം കൂട്ടിച്ചേർത്തു.

ജില്ലയിലെ കാപ്പി ഉത്പാദനം കർണ്ണാടകയിലെ വയനാട് അതിർത്തി ജില്ലകളിലെ പ്രതി ഹെക്ടർ ഉത്പാദനത്തെക്കാൾ 40% കുറവാണെന്നും ജലസേചനത്തിലും, ഭൂമി പുനരുജ്ജീവിപ്പിക്കുന്നതിനും റീ പ്ലാന്റിംഗ് നടത്തുന്നതിനും പ്രത്യേക പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുന്നത് ഉത്പാദനം വർദ്ധിപ്പിക്കാൻ സഹായിക്കുമെന്ന് പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസറുടെ പ്രതിനിധി അറിയിച്ചു.

ഓൺലൈനായി യോഗത്തിൽ പങ്കെടുത്ത FIEO പ്രതിനിധി കർഷകർക്കായി കയറ്റുമതി, സർട്ടിഫിക്കേഷൻസ് എന്നിവയ്ക്കായി ഒരു കോമൺ ഫെസിലിറ്റി സെന്റർ ആവിഷ്കരിക്കുന്നത് കർഷകരെ ബോധവൽക്കരിക്കുന്നതിനും മറ്റ് സഹായങ്ങൾക്കും ഉപകരിക്കുമെന്ന് അറിയിച്ചു. ഓൺലൈനായി യോഗത്തിൽ പങ്കെടുത്ത DGFT പ്രതിനിധിയും എല്ലാ സഹായങ്ങളും ലഭ്യമാക്കുമെന്ന് അറിയിച്ചു.

കാപ്പി കർഷകരുടെ യോഗം അടിയന്തിരമായി വിളിക്കുന്നതിനും ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഹെൽപ് ഡെസ്ക്/കിയോസ്ക് സ്ഥാപിക്കുന്നത് പരിശോധിക്കാനും ലഭ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ജില്ലാതല എക്സ്പോർട്ട് പ്രമോഷൻ ആക്ഷൻ പ്ലാൻ അടിയന്തിരമായി തയ്യാറാക്കുന്നതിനും ബഹു. ജില്ലാ കളക്ടർ നിർദ്ദേശം നൽകി.

യോഗം 1.30 ന് അവസാനിച്ചു.

ചെയർപേഴ്സൺ
ജില്ലാ കളക്ടർ
വയനാട്

കൺവീനർ
ജനറൽ മാനേജർക്കുവേണ്ടി
മാനേജർ (ഇ.ഐ)
ജില്ലാ വ്യവസായ കേന്ദ്രം
വയനാട്, മുട്ടിൽ പി.ഒ